(ബി) വയനാട് ജില്ലയിലെ നിയമന തട്ടിപ്പിനെ തുടർന്ന് വന്ന ഈ സംഭവത്തെ സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ തക്കതായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ അന്വേഷണം നടത്തിയതിനു ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വീടുകൾ

211 (503) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിൽ അനുവദിച്ച വീടുകൾ എത്രയെന്നും അവ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നും പേരും അഡ്രസ്സും സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ സർക്കാർ നിർമ്മിച്ച് നൽകുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് 50,000 രൂപ വീതം ധനസഹായമാണ് നൽകുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി പ്രകാരം പ്രതിവർഷം 1500 മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം നൽകുന്നു. ആകെ 7,500 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജ് പ്രകാരം 210 പേർക്കും കാസർഗോഡ് ജില്ലയിൽ 'കോസ്റ്റൽപ്പുര പദ്ധതി' പ്രകാരം 55 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിൽ 300 പേർക്കാണ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളത്. അർഹതപ്പെട്ട അപേക്ഷകരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഫിഷിംഗ് ലൈസൻസ്

212 (504) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻ പിടിക്കുന്നതിനായിട്ടല്ലാതെ കേരളത്തിലെ കടലിൽ വള്ളങ്ങളും, യാനങ്ങളും ബോട്ടുകളും പ്രവർത്തിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly